പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1407 — 02.05.2017 ൽ മറുപടിക്ക്

## വാഹനാപകടങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി : | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ വാഹനാപകടങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്ന വാഹനങ്ങൾ ഏതെല്ലാം മേഖലകളിലുള്ളവയാണ്, വിശദാംശം ലഭ്യമാക്കുമോ; | (എ) 2016 ൽ 23,538 ഇരുചക്രവാഹനങ്ങളും 4,842 ഓട്ടോറിക്ഷകളും 797 ജീപ്പുകളും 11,020 കാറുകളും 2,665 ലോറികളും 3,058 പ്രൈവറ്റ് ബസുകളും 1,115 കെ.എസ്.ആർ.ടി.സി ബസുകളും അപകടത്തിൽ പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യബസ്സുകളുടെ മത്സരയോട്ടം, മണൽ കരിങ്കല്ല് ലോബികളുമായി ബന്ധപ്പെട്ട ടിപ്പറുകൾ എന്നിവയെ നിയന്ത്രിക്കാൻ ഗതാഗതവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ; | (ബി) വകുപ്പിലെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗത്തിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഉപയോഗിക്കുന്നവരുടെ വാഹനം കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അമിത വേഗത ഒഴിവാക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും ഉൾപ്പെടെ വിവിധയിനം വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മേഖലാ തലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നു. |
| (സി) സംസ്ഥാനത്ത് ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി സമയക്രമ ഉത്തരവു പരിശോധിച്ച് ആർ & ഡി ടീം നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | (സി) 22-11-2016 ൽ നടന്ന എസ്.ടി.എ. മീറ്റിംഗിൽ ആർ & ഡി ടീമിന്റെ റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് ഐറ്റം നമ്പർ (2) ആയി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിന്മേൽ എല്ലാ ആർ.ടി.എ. സെക്രട്ടറിമാരുടേയും അഭിപ്രായം ശേഖരിച്ച് എസ്.ടി.എ. മുമ്പാകെ വെക്കാൻ വേണ്ടി മാറ്റിവെക്കുകയും ചെയ്തിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | 2016-17 വർഷം കെ.എസ്.ആർ.ടി.സി. ബസ്സുകൾ, ടിപ്പറുകൾ തുടങ്ങിയവ ഉണ്ടാക്കിയ അപകടങ്ങൾ എത്രയെന്നും പോലീസ് വാഹനങ്ങൾ, സ്കൂൾബസ്സുകൾ, ഗുഡ്സ് വാഹനമുൾപ്പെട്ട മറ്റ് വാഹനങ്ങൾ, ആട്ടോകൾ, ബൈക്കുകൾ തുടങ്ങിയവ ഉണ്ടാക്കിയ അപകടങ്ങൾ എത്ര എന്നും ഇത് മുൻ വർഷ കണക്കുകളെക്കാളും കൂടുതലോ കുറവോ എങ്കിൽ എത്ര എന്നുമുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | 2016-17 വർഷം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആകെ 1382 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. 2015-16 കാലയളവിൽ കെ എസ് ആർ ടി സി ബസ്സുകൾ 1421 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. കെ എസ് ആർ ടി സി ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ താരതമ്യേന കുറവാണ്. |
| (ഇ) | 2016-17 വർഷക്കാലയളവിൽ കെ. എസ്. ആർ. ടി. സി./ കെ. യു. ആർ. ടി.സി. ബസ്സ് അപകടങ്ങളുമായിട്ട് ബന്ധപ്പെട്ടും മറ്റു വാഹന അപകടങ്ങളുമായിട്ട് ബന്ധപ്പെട്ടും കേസ്സുകൾ എത്ര എന്നും ഇതിൽ എത്ര പേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ? | (ഇ) | 2016-17 വർഷക്കാലയളവിൽ കെ. എസ്. ആർ.ടി.സി. /കെ.യു.ആർ.ടി.സി. ബസ്സുകൾ ആകെ 1382 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപകടങ്ങളിൽ ആകെ 154 പേർ മരണപ്പെട്ടു. 654 എം എ സി റ്റി കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 94 എം എ സി റ്റി കേസുകൾ മരണപ്പെട്ടവരുടെ അവകാശികൾ ഫയൽ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ